കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പന്ന്യന്നൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് – 2016-17

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ - lfaddistofficeknr@gmail.com.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൻ.ആർ/സി 9/1240/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാഓഡിറ്റ് കാര്യാലയം,കണ്ണൂർ
ഇ-മെയിൽ - doknr.ksad@kerala.gov.in
ഫോൺ - 04972-707698

തീയ്യതി – 24.08.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),
പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് .

സർ,

വിഷയം :- പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് - 2016-2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തര വാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഇ മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി

നം.കെ.എസ്.എ-കെ.എൻ.ആർ/സി 9/1240/2017 തിയ്യതി: 24.08.2017

<u>കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള</u>

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ.അശോകൻമഠത്തിൽ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 4.7.2017മുതൽ 15.7.2017വരെ | ശ്രീമതി.ലതവാണി.എൻ.എൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അനൂപ് .കെ.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ജഗദീഷ് ചന്ദ്ര. പി.വി | ഓഡിറ്റർ |

നിർവ്വഹണാധികാരികളുടെ പേര് &കാലയളവ്

പ്രസിഡണ്ട് :

| പേര് | കാലയളവ് |
|---|---|
| ശ്രീമതി.എ.ഷൈലജ | 1.4.2016 മുതൽ 31.3.2017 വരെ |

സെക്രട്ടറി :

| പേര് | കാലയളവ് |
|---|---|
| ശ്രീ.അനിൽ കുമാർ.പി | 1.4.2016 മുതൽ 14.7.2016 FN വരെ |
| ശ്രീ.ജയപ്രകാശ്.വി.പി | 14.7.2016 AN മുതൽ 31.3.2017 വരെ |

മറ്റ് നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
|---|---|---|---|
| കൃഷി ഓഫീസർ | | ശ്രീ.ബഞ്ചി ഡാനിയേൽ | 1.4.2016 മുതൽ 18.9.2016FN വരെ |
| | | ശ്രീ.കുര്യൻ അബ്രഹാം | 18.9.2016ANമുതൽ 31.3.2017വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | പന്ന്യന്നൂർ | ശ്രീ.റഷീദ്.കെ.പി | 1.4.2016 മുതൽ 31.3.2017വരെ |
| | ചമ്പാട് | ശ്രീ.ഷാജി | 1.4.2016 മുതൽ 16.5.2016 FN വരെ |
| | | ശ്രീമതി.രസിത.കെ.എം | 16.5.2016ANമുതൽ 31.3.2017 വരെ |
| വെറ്ററിനറി സർജ്ജൻ | | ഡോ.സുജയ് മോഹൻദാസ് | 1.4.2016 മുതൽ 8.11.2016FNവരെ |
| | | ഡോ.നിഷ ചന്ദ്രൻ | 8.11.2016ANമുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | | ഡോ.സുധീർ.ജി | 1.4.2016 മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ ആയ്യുർവേദം | | ഡോ.ഷാഹിന.എ.ആർ | 1.4.2016 മുതൽ 31.3.2017വരെ |
| ഹെഡ്മിസ്ട്രസ്സ് | | ശ്രീമതി.രതി.ടി | 1.4.2016 മുതൽ 31.3.2017വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീമതി.ശ്രീജ.പുത്തൻപുരയിൽ | 1.4.2016 മുതൽ 31.3.2017വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | | ശ്രീ.വിനോദൻ.കെ | 1.4.2016 മുതൽ 31.3.2017വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | | ശ്രീമതി. സോന എം.കെ | 1.4.2016 മുതൽ 31.3.2017വരെ |

ഉള്ളടക്കം

ഭാഗം 1

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ക്ഷേമപദ്ധതികൾ | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | ഗ്രാമസഭ | 1-11 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-12 |
| 13 | ദുരിതാശ്വാസ നിധി | 1- 13 |

ഭാഗം - 2

| | | |
|---|---|---|
| 1 | രശീതി ബുക്ക് -പേജ് സാക്ഷ്യപത്രം രേഖപ്പെടുത്തുന്നില്ല. | 2-1 |
| 2 | വസ്തുനികുതി നിർണയത്തിലെ അപാകം- ₹ 1,494 വരുമാനനഷ്ടം | 2-2 |
| 3 | വസ്തു നികുതി ഇനത്തിൽ ഭീമമായ തുക പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്നു. | 2-3 |
| 4 | തൊഴിൽനികുതി റിട്ടേൺസിൽ പൂർണ്ണ വരുമാനം ഉൾപ്പെടുത്തുന്നില്ല | 2-4 |

| | | |
|---|---|---|
| 5 | ഡി ആന്റ് ഒ ലൈസൻസ് അപേക്ഷയിൽ ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല | 2-5 |
| 6 | ഡി & ഒ ലൈസൻസ് യഥാസമയം പുതുക്കുന്നില്ല. | 2-6 |
| 7 | ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 2-7 |
| 8 | പരസ്യനികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-8 |
| 9 | തനതു വരുമാനം വർധിപ്പിക്കേണ്ടതാണ് | 2-9 |

ഭാഗം-3

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ക്ഷീരസംഘങ്ങളിൽ പാല് അളക്കാത്തവർക്ക് സബ്സിഡി അനുവദിച്ചു- 26,277/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-1 |
| 2 | പ്രോജക്ട് വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കിയില്ല. 1,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-2 |
| 3 | യോഗ്യതയില്ലാത്ത വ്യക്തിയെക്കൊണ്ട് പരിശീലനം നടത്തി- 12,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-3 |
| 4 | സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ തുടർവിദ്യാ കലോത്സവത്തിനു വേണ്ടി ചെലവാക്കിയ 4,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-4 |
| 5 | അടച്ച തുകക്കുള്ള മുഴവൻ മരുന്നുകളും പി എച്ച് സിയിൽ ലഭ്യമാക്കിയിട്ടില്ല | 3-5 |
| 6 | ഔഷധിയിൽ നിന്നും യഥാസമയംമരുന്നുകൾ ലഭ്യമാക്കിയില്ല. | 3-6 |
| 7 | ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത്- അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-7 |

| | | |
|---|---|---|
| 8 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് | 3-8 |
| 9 | സേവനനികുതി ഈടാക്കാത്തത് | 3-9 |
| 10 | ഗുണഭോക്തൃ പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചില്ല. | 3-10 |
| 11 | സ്വച്ഛഭാരത് മിഷനിൽ നിന്നും തുക തിരികെ ലഭിക്കാത്തത് | 3-11 |
| 12 | ക്ഷേമപെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം | 3-12 |
| 13 | പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി അവലോകനം | 3-13 |


ഭാഗം-4

ഓഡിറ്റ് പ്രത്യവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 |
| | അനുബന്ധം -1 (ഓഡിറ്റ് സർട്ടിഫിക്കറ്റ്) | |
| | അനുബന്ധം -2 (റസീറ്റ് & പേയ്മെന്റ്) | |
| | അനുബന്ധം -3 (ഇൻകം & എക്സ്പെൻഡിച്ചർ) | |
| | അനുബന്ധം -4 (ബാലൻസ് ഷീറ്റ്) | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ റിവൈസ്ഡ് ബജറ്റ് 20.3.2017 തീയതിയിലെ 35/2017-നമ്പർ ഭരണ സമിതി തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ്പ്രകാരമുള്ള വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് |
|---|---|
| മുന്നിരിപ്പ് | 89,41,591 |
| വരവ് | 3,66,86,913 |
| ആകെ | 4,56,28,504 |
| ചെലവ് | 3,53,18,499 |
| നീക്കിയിരിപ്പ് | 1,03,10,005 |

ബജറ്റ് സിംഗിൾ എൻട്രി സിസ്റ്റത്തിലും, വാർഷീക ധനകാര്യ പത്രിക ഡബിൾ എൻട്രി സിസ്റ്റത്തിലും ആയതിനാൽ താരതമ്യം നടത്തിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2016-17 | 31.07.2017 | 31.5.2017 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016- 17 | 5.7.2017& 6.7.2017 | ഇതേ റിപ്പോർട്ട് നമ്പർ &തിയതി |

വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ

1) 2015 -16 വർഷത്തെ ബാലൻസ് ഷീറ്റിലെ B15 പ്രകാരമുള്ള വസ്തുനികുതിയിൽ പിരിച്ചെടുത്ത തുക കഴിച്ചുള്ള നീക്കിയിരിപ്പ് തുക 2016 -17ലെ നീക്കിയിരിപ്പുതുകയുമായി പൊരുത്തപ്പെടുന്നില്ല.

2) 2016-17 ലെ ഇൻകം &എക്സ്പെൻഡിച്ചർ പത്രികയിലെ വസ്തുനികുതി (കറൻറ്) ഡിമാൻഡിൽ നിന്നും കളക്ഷൻ കഴിച്ച് ബാക്കിയുള്ള തുക 2016-17 ലെ ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല

3) മലബാർ ടൂറിസം ഡെവലപ്മെന്റ് സൊസൈറ്റിയുടെ ₹ 20,000 ഷെയർ സർട്ടിഫിക്കറ്റ് ബാലൻസ് ഷീറ്റിൽ ഇൻവെസ്റ്റ്മെന്റ് ആയി രേഖപ്പെടുത്തിയിട്ടില്ല

4)അപാകതകൾക്കുള്ള കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല

5) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബില്ലിൽ നിന്നും ഈടാക്കുന്ന നിയമപരമായ നികുതികൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല

6) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടിൽ, B4ഷെഡ്യൂൾ പ്രകാരം ₹ 6,454 വിനിയോഗിക്കുവാൻ ബാക്കിയുണ്ട്. എന്നാൽ B17 ൽ ₹ 454 മാത്രമെ ഉള്ളൂ. ₹ 6,000 തനത് ഫണ്ടിലാണ് നീക്കിയിരിപ്പ് ഉള്ളത്. ഈ തുക EFMS വഴി ലഭിച്ചതാണെന്നും, എന്നാൽ തുക ചെലവാക്കാത്തതിനാൽ തനത് ഫണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തതെന്നുമാണ് വിശദീകരിച്ചത്. ഈ വിശദീകരണം സ്വീകാര്യമല്ല.

7) എം പി ഫണ്ടിൽ ചെലവഴിച്ചതിൽ ബാക്കിയുള്ള തുക (40B ഷെഡ്യൂൾ) ₹ 698 B4 ൽ കാണിച്ചിട്ടില്ല.

8) അംഗൻവാടി പോഷകാഹാരം, അംഗൻവാടി സേവനങ്ങൾ എന്നിവ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ I14(a) സേവനമേഖലയിൽ ഉൾപ്പെടുത്തേണ്ടതിന് പകരം, I-14 ഉത്പാദന മേഖലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-4 സാമ്പത്തിക വിശകലനം

2016-17വർഷങ്ങളിലെ സ്ഥാപനത്തിന്റെ വാർഷിക ധനകാര്യപത്രികവിവരം

സാമ്പത്തിക വിശകലനം

| ഇനം | 2016-17 |
|---|---|
| മുന്നിരിപ്പ് | 89,41,591.80 |
| വരവ് | 3,66,86,913.00 |
| ആകെ | 4,56,28,504.80 |
| ചെലവ് | 3,53,18,500.00 |
| നീക്കിയിരിപ്പ് | 1,03,10,004.80 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് വരവ് | ചെലവ് | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് | അലോട്ട്മെന്റ് പ്രകാരമുള്ള ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 77,52,401.00 | 73,74,708.00 | 3,77,693.00 | 95.12 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3,16,962.00 | 2,97,250.00 | 19,712.00 | 93.78 |
| വികസനഫണ്ട് ടി.സി.പി. | 0 | 26,892.00 | 26,892.00 (ചെലവില്ലാത്തതിനാൽ തിരിച്ചടച്ചത്) | 0 | 100 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 22,79,457.00 | 22,76,734.00 | 2,723.00 | 99.88 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 25,54,755.00 | 22,57,937.00 | 2,96,818.00 | 88.38 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 43,47,988.00 | 42,00,718.00 | 1,47,270.00 | 96.61 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 22,76,778 | 16,23,705 | 6,53, 073 | 71.31 |

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| MGNREGS | ഇല്ല | 95,21,594.00 | 95,21,594.00 | 95,21,140.00 | 454.00 | 99.99 |
| ബി ഫണ്ട് | ഇല്ല | 2,80,14,990.00 | 2,80,14,990.00 | 2,80,14,990.00 | | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നട പ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 16 -17 | 103 | 3,34,04,183 | 85 | 2,02,03,588 | 13 | 5 | 82 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 34.56 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | 2015-16 | 2016-17 | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+)/(-) |
| നികുതി വരവുകൾ | 23,36,231 | 33,20,162 | 9,83,931 | | (+)42.11 |
| നികുതിയേതര വരവുകൾ | 2,98,934 | 3,15,376 | 16,442 | | (+)5.5 |

| | | | | | |
|---|---|---|---|---|---|
| മറ്റ് വരവുകൾ | 1,62,796 | 1,29,650 | | 33,146 | 20.36 |
| ആകെ | 27,97,961 | 37,65,188 | 10,00,373 | 33,146 | (+) 34.56 |

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.6.2017 | 1.1.2017 മുതൽ 31.3.2017 വരെ | 28.6.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.4.2005 | 1997-98 മുതൽ 2004-05വരെ | 8.6.2005 |

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 61,440 | 33 |
| കർഷകതൊഴിലാളി ക്ഷേമപെൻഷൻ | 23,64,620 | 256 |
| വിധവ പെൻഷൻ | 94,27,440 | 776 |
| വാർദ്ധക്യകാല പെൻഷൻ | 1,19,07,420 | 1380 |
| വികലാംഗ പെൻഷൻ | 20,83,910 | 221 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 16,81,160 | 147 |
| വിവാഹ ധനസഹായം | 4,80,000 | 16 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.7.2017 – 12.30 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. ₹11,135 നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-11 ഗ്രാമസഭ

2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ മിക്ക വാർഡുകളിലും 5 തവണ വീതം ഗ്രാമസഭയോഗങ്ങൾ ചേർന്നിട്ടുണ്ട്. ഗ്രാമസഭയോഗങ്ങളിൽ ക്വാറം തികയാനുള്ള ജനപങ്കാളിത്തം മാത്രമാണുള്ളത്.

| യോഗം ചേർന്ന തീയതി | വിഷയം |
|---|---|
| 22.7.2016 | NREGS സോഷ്യൽ ഓഡിറ്റ് |
| | PMAY ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ |
| | ഭവന ധനസഹായ അപേക്ഷ സ്വീകരിക്കൽ |
| 1.10.2016 | തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാൻ അംഗീകരിക്കൽ |
| 8.10.2016 | ഖരമാലിന്യനിർമ്മാർജ്ജനം |
| | 2016-17 വാർഷീക പദ്ധതി രൂപീകരണം |
| | തൊഴിലുറപ്പ് പദ്ധതി ചർച്ച |
| 23.10.2016 | 2016-17 വാർഷീക പദ്ധതി ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ |
| 19.11.2016 | വോട്ടർപട്ടിക അംഗീകരിക്കൽ |

ഭരണ നിർവഹണത്തിന്റെ അടിത്തറയായ ഗ്രാമസഭയിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കാനും ഗ്രാമസഭയുടെ ഉദ്ദേശലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ആഭ്യന്തര നിയന്ത്രണം

1994ലെ കേരള പഞ്ചായത്തിരാജ് നിയമത്തിലെ 180ാം വകുപ്പ് പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ജീവനക്കാരും (റഗുലർ ജീവനക്കാർ) സർക്കാർ ജീവനക്കാർ എന്നനിലയിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിയമനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ തെരഞ്ഞെടു ക്കപ്പെട്ട പ്രാദേശിക സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാർ എന്ന നിലയിൽ ഗ്രാമ പഞ്ചായത്ത് ഏൽപ്പിക്കുന്ന നിയമാനുസൃത ഉത്തരവുകൾ നിർവഹിക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച് ത.സ്വ.ഭ .വ സെക്രട്ടറിയുടെ 3.11.2006 ലെ 45778/പി എ 3/2006 സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചയത്ത് ഡയരക്ടർ 18/1/2007 ലെ H1/13880/2006 പുറപ്പെടുവിച്ച പ്രത്യേക കത്ത് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം ശക്തിപ്പെടുത്തേണ്ടുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പ്രധാന വിവരങ്ങൾ താഴെ കൊടുക്കുന്നു.

(ഒന്ന്) സ്റ്റാഫ് മീറ്റിങ് : ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചയത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ സെക്രട്ടറി ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ച് ചേർക്കുവാൻ ബാധ്യസ്ഥനാണ്. എന്നാൽ ഇവിടെ ഇത് കൃത്യമായി നടപ്പിൽ വരുത്തിയതായി കണ്ടില്ല. ഹാജരാക്കിയ രജിസ്റ്റർ പ്രകാരം ഓഡിറ്റ് കാലയളവിൽ പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങ് കൂടിയിട്ടില്ല.ആകെ 4 പ്രാവശ്യം മാത്രമാണ് യോഗം ചേർന്നത്.

പ്രതിമാസ യോഗങ്ങൾ ചേർന്ന് ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(രണ്ട്) ഓഫീസ് ഉത്തരവ് : ഓഡിറ്റ് കാലയളവിൽ പുറപ്പെടുവിച്ച ഓഫീസ് ഉത്തരവുകളിൽ ജീവനക്കാർക്ക് ചുമതലകൾ എല്പിച്ചുകൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(മൂന്ന്) വ്യക്തി വിവര റജിസ്റ്റർ സൂക്ഷിപ്പ് : രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്

(നാല്) കാഷ്വൽ ലീവ് റജിസ്റ്റർ :കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്

## 1-13 ദുരിതാശ്വാസ നിധി

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിൽ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രകൃതി ക്ഷോഭം രോഗാവസ്ഥ മുതലായ ദുരിതങ്ങളാൽ കഷ്ടതയനുഭവിക്കുന്ന ജനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ഉദ്ദേശത്തോടെ ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. കലാകായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ സംഘടനകൾ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം നടത്തണമെന്ന് പ്രസ്തുത ആക്ട് സെക്ഷൻ 3(2) വ്യക്തമാക്കിയിച്ചുണ്ട്. ഗ്രാമ പഞ്ചായത്തിൽ ഇതിനായി പന്ന്യന്നൂർ സർവ്വീസ് സഹകരണബാങ്കിൽ 2007 ൽ ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ 31.3-2017 തീയതിയിൽ ₹27,536 നീക്കിയിരിപ്പുണ്ട്. 6.6.2012 നാണ് അവസാനമായി ധനസഹായം നൽകിയത്. 2014 ൽ സംഭാവനയായി 5,000 ലഭിച്ചതല്ലാതെ പിന്നീട് നിധിയിലേക്ക് ധനസഹായം ലഭിച്ചിട്ടില്ല. ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകൾ ഒരു സബ്കമ്മിറ്റി പരിശോധിച്ച് അർഹരായവർക്ക് ധനസഹായം നൽകുവാൻ ആക്ടിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. സന്ദർഭം ആവശ്യപ്പെടുന്ന പക്ഷം അടിയന്തിരഘട്ടങ്ങളിൽ അപേക്ഷയുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന് അർഹരായ വ്യക്തികൾക്ക് അല്ലെങ്കിൽ കുടുംബത്തിന് 500 വരെ ധനസഹായം നൽകാവുന്നതാണ്. 2003 ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപികരണവും വിനിയോഗവും ചട്ടങ്ങളിലെ ചട്ടം 7 അനുസരിച്ച് ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായത്തിന് അപേക്ഷിച്ചവരുടെയും ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയവരുടെയും വിവരങ്ങൾ ഗ്രാമസഭയിൽ അറിയിക്കേണ്ടതുണ്ട്. പ്രകൃതിക്ഷോഭം, മാറാരോഗം എന്നിവമൂലം കഷ്ടതയനുഭവിക്കുന്ന ഗ്രാമ പ്രദേശത്ത് താമസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകാൻ ഉദ്ദേശിച്ചുകൊണ്ട് സ്വരൂപിച്ച ദുരിതാശ്വാസ നിധിയുടെ ഗുണഫലങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാൻ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീതി ബുക്ക് -പേജ് സാക്ഷ്യപത്രം രേഖപ്പെടുത്തുന്നില്ല.

പഞ്ചായത്തിൽ ഉപയോഗിക്കുന്ന ഓരോ രശീതി പുസ്തകത്തിലും ആ രശീതി പുസ്തകത്തിലെ പേജുകളുടെ എണ്ണം സംബന്ധിച്ച ഒരു സാക്ഷ്യപത്രം സെക്രട്ടറി രേഖപ്പെടുത്തേണ്ടതായിട്ടുണ്ട്. എന്നാൽ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിൽ ഉപയോഗിച്ചിട്ടുള്ള മിക്ക രശീതി പുസ്തകത്തിലും ഇത്തരത്തിലുള്ള ഒരു സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.ഉടർന്നങ്ങോട്ട് നിർബന്ധമായും ഇത്തരത്തിലുള്ള ഒരു സാക്ഷ്യപത്രം രേഖപ്പെടുത്തി

രശീതികൾ ആധികാരികമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി നിർണയത്തിലെ അപാകം- ₹ 1494 വരുമാനനഷ്ടം

പഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണ അന്തിമ വിജ്ഞാപനം നമ്പർ ബി 1/2414(A)തീയ്യതി 30-1-12പ്രകാരം 100 ചതുരശ്ര മീറ്ററിൽ കുറവ് വിസ്തീർണമുള്ള ഷോപ്പുകളുടെ അടിസ്ഥാന നിരക്ക് 40 രൂപയായും, 100 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള ഷോപ്പുകളുടെ അടിസ്ഥാന നിരക്ക് 50 രൂപയായും നിശ്ചയിച്ചിരിക്കുന്നു.എന്നാൽ ഒരേ വ്യക്തിയുടെ ഉടമസ്ഥതയിൽ ഉള്ള വാണിജ്യാവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന കെട്ടിടത്തിന് ആകെ തറ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ നികുതി കണക്കാക്കുന്നതിനു പകരം, കെട്ടിടത്തിലെ കടമുറി ഓരോന്നിന്റെയും വിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയതു കാരണം നികുതി നിർണയിച്ചതിൽ കുറവു സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ഉടമസ്ഥൻ - കോറാട്ട് ചോമ്പാളൻ നദീർ, "നഹ", പന്ന്യന്നൂർ

തരം - വാണിജ്യം

| സീ.ന | കെട്ടിട നമ്പർ | വിസ്തീർണം(m2) | നികുതി | സെസ്സ് | ആകെ |
|---|---|---|---|---|---|
| 1 | 120/A | 21.5 | 1032 | 52 | 1084 |
| 2 | 120/B | 20 | 960 | 48 | 1008 |
| 3 | 120/C | 20.7 | 994 | 50 | 1044 |
| 4 | 120/D | 14.25 | 684 | 35 | 719 |
| 5 | 120/E | 14.25 | 684 | 35 | 719 |
| 6 | 120/F | 12.8 | 615 | 31 | 646 |
| 7 | 120/G | 15.4 | 740 | 37 | 777 |
| | ആകെ | 118.90 | 5709 | 288 | 5997 |

വസ്തുനികുതി ഈടാക്കേണ്ടത്-

ആകെ വിസ്തീർണം Xനിരക്ക് =118.9 X 50 = 5945

വർധനവ് 20% =1189

ആകെ = 7134

സെസ്സ് = 357

ആകെ = 7491

വ്യത്യാസം =₹ 1494

കുറവു വന്ന ₹1494/- ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻകാലങ്ങളിലും ഇത്തരം

അപാകങ്ങളുണ്ടായിട്ടുണ്ടെങ്കിൽ ആയത് പുനപരിശോധിക്കേണ്ടതാണ്.

## 2-3 വസ്തു നികുതി ഇനത്തിൽ ഭീമമായ തുക പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്നു.

വാർഷിക കണക്കുകളിലെ B15 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി ഇനത്തിൽ പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

തൻവർഷം പാർപ്പിടം - 8,26,989

കുടിശ്ശിക – പാർപ്പിടം - 5,73,465

ആകെ -14,00,454

വസ്തുനികുതി 100% പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 തൊഴിൽനികുതി റിട്ടേൺസിൽ പൂർണ്ണ വരുമാനം ഉൾപ്പെടുത്തുന്നില്ല

2016-17 വർഷത്തെ തൊഴിൽനികുതി വരവ് പരിശോധന നടത്തിയപ്പോൾ വിവിധ സർക്കാർ, അർദ്ധസർക്കാർ, ബാങ്കിംഗ് സ്ഥാപനങ്ങൾ എന്നിവ തൊഴിൽ നികുതി റിട്ടേൺസ് സമർപ്പിച്ചത് ശരിയായ രീതിയിലല്ല എന്ന് കാണുന്നു. കേരളാ പഞ്ചായത്ത് രാജ് ആക്ട് – സെക്ഷൻ 204(3) പ്രകാരം വീട്ടുവാടകബത്ത ഒഴികെ എല്ലാ വരുമാനങ്ങളുടെയും അടിസ്ഥാനത്തിലാണ് നികുതി നിർണ്ണയിക്കേണ്ടത്. ശമ്പളം, ക്ഷാമബത്ത, ലീവ് സറണ്ടർ, ഓണം ബോണസ്, ഉത്സവബത്ത തുടങ്ങിയ എല്ലാ വരവുകളും പ്രൊഫോർമയിൽ ഉൾപ്പെടുത്തണം, എന്നാൽ ഭൂരിഭാഗം സ്ഥാപനങ്ങളും സമർപ്പിച്ച പ്രൊഫോർമയിൽ ശമ്പളം, ക്ഷാമബത്ത എന്നിവ മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളൂ. ലീവ് സറണ്ടർ, ഓണം ബോണസ്, ഉത്സവബത്ത തുടങ്ങിയ വരവുകൾ ഉൾപ്പെടുത്തിയിട്ടില്ല. തൊഴിൽ നികുതി അടക്കാൻ സ്ഥാപനങ്ങൾ റിട്ടേൺസ് സമർപ്പിക്കുമ്പോൾ അതിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 ഡി ആന്റ് ഒ ലൈസൻസ് അപേക്ഷയിൽ ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല

ദിവസേനയുള്ള ശരാശരി വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ഡി ആന്റ് ഒ ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത്. (ചട്ടം 7 പട്ടിക 11). എന്നാൽ ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ച പല അപേക്ഷകളിലും ഒരു ദിവസത്തെ വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല.

ഉദാ-:

| പേര് | ആവശ്യം | വാർഡ്/കെട്ടിട നമ്പർ |
|---|---|---|
| മുനീർ | ബാർബർ ഷോപ്പ് | IV/67-D |
| എം.നൗഷാദ് | അനാദി | II/274 |
| റീന ടി.പി | തയ്യൽ കട | VI/233-A |
| രാഗേഷ് എൻ | വർക്ക് ഷോപ്പ് | VII/233-A |

2. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങ ൾ ഡി ആന്റ് ഒ ലൈസൻസിനൊടൊപ്പമുള്ള അപേക്ഷയോടൊപ്പം കെട്ടിട ഉടമയുടെ സമ്മതപത്രം ഹാജരാക്കിയിട്ടില്ല.

ഉദാ-:

| പേര് | ആവശ്യം | വാർഡ്/കെട്ടിട നമ്പർ |
|---|---|---|
| എം.ലീല | സ്റ്റേഷനറി | VIII/1 |
| രാജേഷ് വി | വർക്ക് ഷോപ്പ് | I/178 |
| ഉദയൻ ഇ | ഫാൻസി | IV/29 |

ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്

## 2-6 ഡി & ഒ ലൈസൻസ് യഥാസമയം പുതുക്കുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിനു 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ ഈ ആവശ്യത്തിലേക്കായി സമർപ്പിക്കുന്ന ഭൂരിഭാഗം അപേക്ഷകളും മേൽ സമയക്രമം പാലിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | വാർഡ്/കെട്ടിട നം | ആവശ്യം | അപേക്ഷ തീയതി |
|---|---|---|---|---|
| 1 | കെ.പി രാജീവൻ | I/300, I/301 | സിമന്റ് വിൽപന | 29/6/16 |
| 2 | പി.സി പത്മനാഭൻ | VIII/180 | ഫർണ്ണിച്ചർ നിർമ്മാണം | 30/6/2016 |
| 3 | എ.ജസീല | XV/409B | റെഡിമെയ്ഡ്സ് | 5/6/2016 |
| 4 | അർഷാദ് ഹുസൈൻ | VIII/7 | ഫാൻസി | 23/9/16 |

1994 ലെ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232(1) പ്രകാരം ലൈസൻസ് കൂടാതെ ഏതൊരാവശ്യത്തിനും സ്ഥലം ഉപയോഗിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.ആയതിനാൽ ലൈസൻസ് യഥാസമയം പുതുക്കാത്ത സ്ഥാപനങ്ങൾ ഈ കാലയളവിൽ ലൈസൻസില്ലാതെ പ്രവർത്തിച്ചതായി കണക്കാക്കി പഞ്ചായത്ത് രാജ് ചട്ടം 26 ചട്ട ലംഘനത്തിന് 1994 ലെ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 255 പ്രകാരം ചട്ടങ്ങൾ ലംഘിക്കുന്നതിനുള്ള പിഴ ഈടാക്കാവുന്നതാണ്.

അതിനാൽ യഥാസമയം ലൈസൻസ് പുതുക്കുവാൻശ്രദ്ധിക്കേണ്ടതും ചട്ടംലംഘിക്കുന്നവരിൽ നിന്നും നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-7 ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

1998 ലെ കേരള പഞ്ചായത്ത് രാജ് (റിക്കോർഡ് സൂക്ഷിപ്പും നൽകലും) ചട്ടങ്ങളിലെ മൂന്നാം ചട്ട പ്രകാരം സൂക്ഷിക്കേണ്ട, പഞ്ചായത്ത് പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച രജിസ്റ്റർ ഗ്രാമ പഞ്ചായത്ത് എഴുതി സൂക്ഷിക്കുന്നില്ല. പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ഡി &ഒ ലൈസൻസ് പരിശോധിച്ചതിൽ ലൈസൻസിനായി കച്ചവടസ്ഥാപനങ്ങൾ സമർപ്പിച്ചിരിക്കുന്ന അപേക്ഷയുടെ ക്രമത്തിലാണ് പഞ്ചായത്ത് രജിസ്റ്റർ തയ്യാറാക്കിയിരിക്കുന്നത്. ട്രേഡേഴ്സ് രജിസ്റ്റർ എഴുതി സൂക്ഷിച്ചാൽ മാത്രമേ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കാൻ സാധിക്കുകയുള്ളൂ.

## 2-8 പരസ്യനികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഒരു ഗ്രാമപ്രദേശത്തെ ഏതെങ്കിലും ഭൂമിയിലെയോ, കെട്ടിടത്തിലെയോ ചുവരിന്മേലോ, പരസ്യപ്പലകയിന്മേലോ, എടുപ്പിൻമേലോ അല്ലെങ്കിൽ അതിനുമുകളിലോ ഏതെങ്കിലും പരസ്യം കുത്തനെ നിർത്തുകയോ പ്രദർശിപ്പിക്കുകയോ ഉറപ്പിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരു പരസ്യത്തിനും 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 പ്രകാരം പരസ്യനികുതി ചുമത്തണമെന്ന് വ്യവസ്ഥയുണ്ട്. പഞ്ചായത്തിന്റെ നിലവിലുള്ള തനതുവരുമാനം വർദ്ധിപ്പിക്കുന്നതിലേക്ക് പരസ്യനികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 തനതു വരുമാനം വർധിപ്പിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം പഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം.29 പ്രകാരം പ്രത്യേക സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ചുമത്തി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടിക്രമങ്ങൾ ആരംഭിച്ചിട്ടില്ല. പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സേവന ഉപനികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ക്ഷീരസംഘങ്ങളിൽ പാല് അളക്കാത്തവർക്ക് സബ്സിഡി അനുവദിച്ചു- 26,277/- രൂപയുടെ ചെലവ് നിരാകരിക്കുന്നു

നിർവ്വഹണ ഉദ്ദ്യോഗസ്ഥൻ- വെറ്ററിനറിസർജ്ജൻ

1) പ്രോജക്ട് - 121/17 (പാലിന് സബ്സിഡി)

അടങ്കൽ - 30,000( വികസനഫണ്ട്), 6,18,000(മറ്റുള്ളവ) ആകെ 6,48,000

ബിൽനമ്പർ - P2/16-17 dt 25-3-17 - 29986

TSB ചെക്ക് നമ്പർ- 1223581/29-3-17 - 2,45,313

ക്ഷീരസംഘങ്ങളിൽ പാല് അളക്കുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് മൂന്നു രൂപ നിരക്കിൽ സബ്സിഡി അനുവദിക്കുന്നതിനാണ് സബ്സിഡി മാർഗരേഖ സഉ(എം എസ്) 4/16 തസ്വഭവ തീ. 11-01-16 ൽ പ്രതിപാദിച്ചിരിക്കുന്നത്.

എന്നാൽ ക്ഷീരസംഘങ്ങളിൽ പാല് അളക്കാത്ത താഴെ വിശദമാക്കുന്നവർക്കും സബ്സിഡി അനുവദിച്ചിരിക്കുന്നു.

| സീരിയൽ നമ്പർ | പേര് | തുക |
|---|---|---|
| 1 | വിജയൻ പി എം | 1008 |
| 2 | പ്രേമ എകെ | 2223 |
| 3 | സരസ്വതി കെ | 2298 |
| 4 | നൈനകുമാരി സി | 3231 |
| 5 | ഗംഗാധരൻ ടി | 1482 |
| 6 | സരോജിനി കെ | 2220 |
| 7 | സുലേഖ പി | 1806 |
| 8 | മോഹനൻ പി | 1860 |
| 9 | ഉപേന്ദ്രൻ സി എച്ച് | 2262 |
| 10 | പ്രദീപ് കുമാർ | 3969 |
| 11 | പുഷ്പവല്ലി പികെ | 2046 |
| 12 | നാണു വി കെ | 1872 |
| | ആകെ | 26277 |

ഇവർ ഏത് സംഘത്തിലാണ് പാല് അളന്നതെന്ന് വ്യക്തമാക്കേണ്ടതാണ്എന്ന്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 2/16-17 തീയതി 11.7.2017 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ആയതിനാൽ 26,277/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-2 <u>പ്രോജക്ട് വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കിയില്ല. 1,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ -വെറ്ററിനറി സർജ്ജൻ

പ്രോജക്ട് - 107/17(തെരുവു നായ്ക്കളുടെ വന്ധീകരണം)

അടങ്കൽ - 1,00,000 (തനത്)

– 50,000 (ബ്ലോക്ക് വിഹിതം)

– 1,00,000 ( ജില്ലാപഞ്ചായത്ത് വിഹിതം)

ആകെ – 2,50,000

ചെലവ് - ചെക്ക്നമ്പർ- 8610264/4-11-16 100,000/-

തെരുവു നായകളുടെ വന്ധീകരണം നടത്തുന്നതിന് ബ്ലോക്ക്,ജില്ല വിഹിതം ലഭ്യമാക്കിക്കൊണ്ട് നടത്താനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ ഇതിനു വിരുദ്ധമായി ജില്ലാപഞ്ചായത്തിലേക്ക് റസീറ്റ് നമ്പർ - 11615200007/11-1-17 പ്രകാരം 1,00,000/-രൂപ നല്കുകയാണ് ചെയ്തത്. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 2/11-7-17 ന് മറുപടി

ലഭ്യമാക്കുകയുണ്ടായില്ല. പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്നും വ്യക്തമല്ല. ആയതിനാൽ 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 യോഗ്യതയില്ലാത്ത വ്യക്തിയെക്കൊണ്ട് പരിശീലനം നടത്തി- 12,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

പ്രോജക്ട് - 31/17 (തുടർ സാക്ഷരതാ പദ്ധതി)

അടങ്കൽ - 12,000 (വികസനഫണ്ട്)

ബിൽനമ്പർ - 6/16-17 dt 10-3-17 12,000/-

ദാരിദ്ര്യരേഖക്ക് താഴെയുള്ള യുവതികൾക്ക് 2016 ഡിസമ്പർ, 2017 ജനവരി,ഫിബ്രവരി മാസങ്ങളിൽ തയ്യൽ പരിശീലനം നൽകിയചതിന് ശ്രീമതി. ഷാഹിന കെ എന്നവ്യക്തിക്ക് പ്രതിമാസം 4000/- രൂപ വീതം മൂന്ന് മാസത്തേക്ക് 12,000/- രൂപ പ്രതിഫലം നൽകിയിട്ടുണ്ട്. തുടർ സാക്ഷരതാ പദ്ധതിയുടെ ഭാഗമായി തയ്യൽ പരിശീലനം നടത്തിയതിനും, പരിശീലനം നൽകുന്നതിന് ഈ വ്യക്തിക്കുള്ള യോഗ്യത വ്യക്തമാക്കേണ്ടതാണെന്നും കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 6/തീയതി 11.7.17 ന് മറുപടി ലഭ്യമാക്കിയില്ല.മേൽ കാരണങ്ങളാൽ 12,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ തുടർവിദ്യാ കലോത്സവത്തിനു വേണ്ടി ചെലവാക്കിയ 4,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

പ്രോജക്ട് - 34/17(തുല്യതാ പരീക്ഷ)

അടങ്കൽ - 28,000( വികസനഫണ്ട്)

ചെലവ് -(ബിൽനമ്പർ) - 2/16-17 dt 29-12-16 24,000/-

- ബിൽനമ്പർ - 7/16-17 dt 29-3-17 4,000/-

തുല്യതാ പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കുലർ നമ്പർ 48360/FM-1/2009 dt 6-10-2009 പ്രകാരം പന്ന്യന്നൂർ പഞ്ചായത്തിലെ തുടർവിദ്യാ കേന്ദ്രത്തിലെ പഠിതാക്കൾക്കുളുടെ ഫീസിനത്തിൽ 24,000/- രൂപ ജില്ലാകോർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇവിടെ മേൽ പ്രതിപാദിച്ച 7/16-17 ബിൽനമ്പർ പ്രകാരം പിൻവലിച്ച 4,000/- രൂപ തുല്യതാ പരീക്ഷാ വിദ്യാർഥികൾക്ക് തുടർവിദ്യാ കലോത്സവത്തിനു വേണ്ടിയാണ് ചെലവഴിച്ചിരിക്കുന്നത്. ഏത് ഉത്തരവു പ്രകാരമാണ്തുടർവിദ്യാ കലോത്സവം നടത്തിയതെന്ന് വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 6/16-17 ന് മറുപടി ലഭ്യമാക്കിയില്ല.സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പാക്കിയ 4000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 അടച്ച തുകക്കുള്ള മുഴുവൻ മരുന്നുകളും പി എച്ച് സിയിൽ ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ -പിഎച്ച് സി

പ്രോജക്ട് - 11/17 (PHC ക്ക് മരുന്ന് വാങ്ങൽ)

അടങ്കൽ - 3,00,000/-( റോഡിതര സംരക്ഷണ ഗ്രാന്റ്)

ചെലവ് -ബിൽനമ്പർ 2/16-17 dt 25-11-16 3,00,000/-

പിഎച്ച് സിക്ക് മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി പ്രോഫോർമ ഇൻവോയ്സ് PRF455/5-11-16 പ്രകാരം മൂന്ന ലക്ഷം രൂപ കേരള മെഡിക്കൽസർവീസ് കോർപറേഷന് DD No. 155134/5-11-16 നൽകിയിട്ടുണ്ട്. ആയത് റസീറ്റ് നമ്പർ 30285/15-12-16 പ്രകാരം കൈപ്പറ്റിയിട്ടുമുണ്ട്. എന്നാൽ 2,73,179 രൂപയുടെ മരുന്ന് മാത്രമേ നാളിതു വരെയായി ലഭിച്ചിട്ടുള്ളൂ. ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| സീരിയൽ നമ്പർ | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|
| 1 | 327/23-12-16 | 144214 |
| 2 | 363/13-1-17 | 10601 |
| 3 | 415/13-1-17 | 42774 |
| 4 | 388/11-2-17 | 11557 |
| 5 | 435/27-2-17 | 12580 |
| 6 | 456/6-3-17 | 16363 |
| 7 | 462/15-3-17 | 4791 |
| 8 | 9/18-4-17 | 2035 |
| 9 | 46/9-5-17 | 6133 |
| 10 | 66/16-5-17 | 22131 |
| | ആകെ | 2,73,179 |

26,821/- രൂപയുടെ മരുന്ന് ലഭിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ചു കൊണ്ടുനൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 7/16-17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇനി ലഭിക്കാനുള്ള ₹26,821/- യുടെ മരുന്ന് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 3-6 ഔഷധിയിൽ നിന്നും യഥാസമയംമരുന്നുകൾ ലഭ്യമാക്കിയില്ല

നിർവ്വഹണഉദ്യോഗസ്ഥൻ :മെഡിക്കൽ ഓഫീസർ(ആയുർവേദം)

പ്രോജക്റ്റിന്റെ പേര്/നമ്പർ:പന്ന്യന്നൂർ ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ , 0037/17

അടങ്കൽ : 5,00,000(മെയിന്റനൻസ് ഫണ്ട് റോഡിതരം- )

ചെലവ് : 5,00,000 രൂപ ബിൽ നമ്പർ 47/16-17, തീയതി 25-11-16

മെഡിക്കൽ ഓഫീസർ- ആയുർവേദം നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ പന്ന്യന്നൂർ ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പ്രൊജക്റ്റിനു വേണ്ടി ബിൽ നമ്പർ 47/16-17 പ്രകാരം 500000/- രൂപ പിൻവലിച്ച് ഡി ഡി നമ്പർ 155160/05-12-2016 പ്രകാരം മാനേജിംഗ് ഡയറക്ടർ ഔഷധി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഔഷധിയിൽ നിന്നും അയച്ച 05-07-17 തീയതിയിലെ R.D.C.

07/17രേഖകൾ പ്രകാരം 4,90,276/- രൂപയുടെ മരുന്നുകളാണ് ലഭ്യമായത്. ബാക്കി 9724/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറി 5/16-17 ന് ഉടനെ തന്നെ ബാക്കിയുള്ള മരുന്നുകൾ വിതരണം ചെയ്യാമെന്ന് ഔഷധിയിൽ നിന്നും അറിയിച്ചതായി മറുപടി ലഭിച്ചിട്ടുണ്ട്. സമയബന്ധിതമായി മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത്- അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിൽ വിഇഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതിയിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ താഴെ വിശദമാക്കും പ്രകാരം ധനസഹായം കൈപ്പറ്റി കഴിഞ്ഞിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് | ഗുണഭോക്താവിന്റെ പേര് | ഇതുവരെ കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയ തീയതി | നൽകാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | ഭവനനിർമ്മാണം നിരാലംബ വനിത | രാധ കെ.പി<br>കൊമത്ത് പൊയിൽ | 180000 | 01/02/16 | 20000 |
| 2 | ടി | ഷൈനി.പി<br>വാഴയിൽ താഴെകുനിയിൽ | 180000 | 01/02/16 | 20000 |

ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിലേക്കായി ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം എല്ലാ ഗുണഭോക്താക്കളിൽ നിന്നും അവർ ഇതുവരെ കൈപ്പറ്റിയ തുക തിരിച്ചുപിടിക്കാനുള്ള നടപടികൾസ്വീകരിക്കേണ്ടതാണ്.

## 3-8 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത്

താഴെ പറയുന്ന പദ്ധതികളുടെ നിർവ്വഹണത്തിനായി തുക ചെലവഴിച്ചെങ്കിലും തുക വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. മേൽ പദ്ധതികളുടെ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം /ചെക്ക് നം തീയതി | തുക |
|---|---|---|---|---|
| സെക്രട്ടറി | KSEB ഇലക്ട്രിക്കൽ സെക്ഷൻ തലശ്ശേരി | സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കൽ<br>41/17 | 33/16-17 dt 27-3-17 | 6,62,630/- |
| സെക്രട്ടറി | കേരള സാമൂഹ്യ സുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ | സാമൂഹ്യ സുരക്ഷാ മിഷൻ വിഹിതം കൈമാറൽ<br>പ്രോജക്ട്- 139/17 | 26/16-17 dt 28-2-17 | 1,00,000 |

| | | | | |
|---|---|---|---|---|
| ഹെഡ്മാസ്റ്റർ | SSA ഡയറക്ടർ | SSA പ്രോജക്ട് 28/17 | 1/16-17 dt 26-10-16, | 5,13,681 |
| വെറ്റിനറി സർജൻ | എസ്.എൽ.ബി.പി | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി 69/17 | P1/16-17 dt 18-3-17, | 3,12,500/- |

## 3-9 സേവനനികുതി ഈടാക്കാത്തത്

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

ധനകാര്യ അഡിഷണൽ ചീഫ് സെക്രട്ടറിയുടെ 25.11.16 ലെ ഇൻഡ്& പി ഡബ്ല്യൂ ബി 2/187/16-ധന നമ്പർ കത്തിൽ 01.04.16 മുതൽ ഒരു പ്രവൃത്തിയുടെ സേവനത്തിന്റെ വിലയുടെ പതിനഞ്ച് ശതമാനം ആണ് സേവനനികുതി നിരക്കെന്നും, പ്രവൃത്തിയുടെ സേവന ഘടകത്തിന്റെ 15% നിർണ്ണയിക്കാൻ ബുദ്ധിമുട്ടായ തിനാൽ ഒറിജിനൽ പ്രവൃത്തികൾക്ക് പതിനഞ്ച് ശതമാനത്തിന്റെ നാല്പത് ശതമാനം നിരക്കിലും (6%) അറ്റകുറ്റപ്രവൃത്തികൾക്ക് പതിനഞ്ച് ശതമാനത്തിന്റെ എഴുപത് ശതമാനം നിരക്കിലും (10.5%) സേവനനികുതി ഈടാക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ സേവന നികുതി കണക്കാക്കിയിട്ടുണ്ടെങ്കിലും, ബില്ലിൽ നിന്നും സേവന നികുതി ഈടാക്കിയിട്ടില്ല . കരാറുകാർ രജിസ്ട്രേഷൻ നടപടികൾ പൂർത്തീയാക്കി രശീതി ഹാജരാക്കാത്തതിനാലാണ് പ്രവൃത്തിയുടെ ബില്ലിനൊപ്പം തുക കരാറുകാരന് നൽകാത്തത് എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് ( 8/12.7.2017) മറുപടി നൽകിയത്.

| ക്രമ നം | പ്രവൃത്തിയുടെ പേര് / കരാറുകാരന്റെ പേര് | എം.ബുക്ക് നമ്പർ | പ്രവൃത്തി മൂല്യം | ബിൽ നം & തീയതി | നികുതി നിരക്ക് % | ഈടാക്കേണ്ട സേവന നികുതി |
|---|---|---|---|---|---|---|
| 1 | പി എച്ച് സി സ്റ്റോർ നിർമ്മാണം ശ്രീ.എം.പ്രദീപൻ | 130/16-17 | 2,92,761 | 10/27.2.2017 | 6 | 17,566 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ഓഫീസ് അധിക സൗകര്യം ശ്രീ.അജിത്ത്.ടി .എം | 125/16-17 | 30,673 | 19/21.3.2017 | 6 | 1840 |
| 3 | കൃഷി ഭവൻ I C DP സബ്സെന്റർ | 32/15-16 | 2,31,533 | 8/27.1.2017 | 6 | 13,892 |

| | | | | | | |
|---|---|---|---|---|---|---|
| | ചുറ്റുമതിൽ നിർമ്മാണം<br>ശ്രീ.അജിത്ത് .ടി.എം | | | | | |
| 4 | വിദ്യാവിലാസിനി അംഗൻവാടി അറ്റകുറ്റപ്പണി<br>ശ്രീ.പി.പി.സജീവ് | 120/17 | 1,16,244 | 18/15.3.2017 | 10.5 | 12,206 |
| 5 | കിഴക്കെചമ്പാട് അംഗൻവാടി അറ്റകുറ്റപ്പണി<br>ശ്രീ.പി.പി.സജീവ് | 129/16-17 | 1,03,505 | 17/15.3.2017 | 10.5 | 10,868 |
| | ആകെ | | | | | 56,372 |

₹ 56,372 കേന്ദ്രസർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

## 3-10 ഗുണഭോക്തൃ പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചില്ല.

സർക്കാർ ഉത്തരവ് നമ്പർ 4/2016/ത.സ്വ.ഭ.വ, തീയ്യതി.11.01.2016പ്രകാരം പദ്ധതിയുടെ ഭാഗമായി വ്യക്തികൾക്കോ, കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിനുവേണ്ടിയുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഭരണ സമിതി അംഗീകരിച്ച മുൻഗണനാ ലിസ്റ്റ് തദ്ദേശ ഭരണസ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ വർഷം ഗുണഭോക്തൃ പട്ടിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 സ്വഛഭാരത് മിഷനിൽ നിന്നും തുക തിരികെ ലഭിക്കാത്തത്

വൗച്ചർ നമ്പർ - 21600205 dt 4-7-16

ചെക്ക്നമ്പർ - 13676/4-7-16 2,40,000/-

സർക്കാർ ഉത്തരവ് (സാധാ) നം. 1773/16 തസ്വഭവ. തീ. 27-5-16 പ്രകാരം ODF ഫണ്ട് ലഭ്യമല്ലാത്തതിനാൽ തനത് ഫണ്ടിൽ നിന്നും 2,40,000 രൂപ ഗാർഹീക കക്കൂസ് നിർമാണത്തിനായി തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ സ്വഛഭാരത് മിഷന്റെ ഉത്തരവ് നമ്പർ B/2454/04 dt 25-1-17 പ്രകാരം 96,000 രൂപയും, 24-3-17 ലെ ഉത്തരവ്വ പ്രകാരം 84,000 രൂപയും (ആകെ 1,80,000) മാത്രമേ ഇതുവരെ ലഭിച്ചിട്ടുള്ളൂ. 60,000/- രൂപ ഇനിയും ലഭിക്കാനുണ്ട്. ഈ തുക സ്വഛഭാരത് മിഷനിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 ക്ഷേമപെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം

വിവിധയിനംക്ഷേമപെൻഷനുകൾക്കായിഗ്രാമപഞ്ചായത്തിൽസമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസംവന്നിട്ടുണ്ട്. വിധവാപെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നീ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിന്മേൽ ഒരു മാസത്തിനകം തീരുമാനമെടുക്കേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1. വിധവാ പെൻഷൻ

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | അപേക്ഷ നമ്പർ തീയ്യതി | തീരുമാന മെടുത്ത തീയ്യതി |
|---|---|---|---|
| 1 | ആയിഷ ടി,മൗവേരിന്റെവിടെ പന്ന്യന്നൂർ | 5300/16<br>17-11-2016 | 03-02-17 |
| 2 | ചന്ദ്രിക സി.എം കണ്ണാടിപറമ്പ് | 5324/16<br>18-11-2016 | 03-02-17 |
| 3 | സഫിയ,മമ്പാട് | 5363/16<br>19-11-2016 | 03-02-17 |
| 4 | ജമീല സി,ചന്ദ്രോത്ത്കുനിയിൽ | 125/17<br>9/1/17 | 17-03-17 |
| 5 | ഗിരിജ.കെ,മുണ്ടത്തുർതാഴെകുനിയിൽ | 239/17<br>16-01-2017 | 17-03-17 |

2 . വാർദ്ധക്യകാലപെൻഷൻ

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | അപേക്ഷ നമ്പർ തീയ്യതി | തീരുമാനമെടുത്ത തീയ്യതി |
|---|---|---|---|
| 1 | കൃഷ്ണൻ ടി താഴെകുനിയിൽ | 2830/16<br>13-07-16 | 1-10-16 |
| 2 | ആയിഷ വി.സി | 2873/16<br>14-07-16 | 5-11-16 |
| 3 | മുഹമ്മദ് ഇസ്ഹാഖ് കെ.ടി തായാട്ട് ഹൗസ് | 3147/16<br>29-07-16 | 5-11-16 |
| 4 | കാഞ്ചന മുറക്കണ്ടിയിൽ | 3181/16<br>1-08-16 | 5/11/16 |
| 5 | മൂസ്സ ,എസ്.എം ഹൗസ് | 2524/16<br>17-06-16 | 28/09/16 |

ക്ഷേമ പെൻഷൻ അപേക്ഷകളിന്മേൽ യഥാസമയം തീരുമാനമെടുക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3-13 പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി അവലോകനം

2012-13 വർഷം ആരംഭിച്ച് 2016-17 ൽ പൂർത്തീയാകുന്ന പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലത്ത് പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിൽ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഉത്പാദന മേഖലയിൽ, തരിശ് രഹിത വില്ലേജ് ആക്കുക എന്ന ലക്ഷ്യത്തോടെ 20 ഏക്കർ സ്ഥലം കൃഷി യോഗ്യമാക്കിയിട്ടുണ്ട്. കര നെൽകൃഷി, സമഗ്രനാളികേര വികസന പദ്ധതി, ഇടവിളകൃഷി,നടീൽ വസ്തുവിതരണം,ഗ്രോബാഗിൽ പച്ചക്കറികൃഷി മുതലായവ നടപ്പിലാക്കിയിട്ടുണ്ട്. മൃഗസംരക്ഷണമേഖലയിൽ കാലിതൊഴുത്ത് നിർമ്മാണം, കന്നുകുട്ടി പരിപാലനം, തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

18 അംഗൻവാടികളിലൂടെ ശിശുക്ഷേമ പ്രവർത്തങ്ങൾ സജീവമാക്കിയിട്ടുണ്ട്. ഭവന നിർമ്മാണ പദ്ധതികൾ ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടുണ്ട്. ഇതുവരെയായുള്ള ഭവന നിർമ്മാണ പദ്ധതികളിൽ രണ്ട് പേർ മാത്രമേ ഭവന നിർമ്മാണം പൂർത്തീകരിക്കാതെയുള്ളൂ. ആരോഗ്യമേഖലയിൽ മരുന്ന് വിതരണപദ്ധതി,സാന്ത്വന പരിചരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി, വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്,തുറന്ന കിണർ ശുചിത്വകിണറാക്കൽ തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

കുന്നമ്മൽ, കുറ്റിപ്പുറം, എന്നീ അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിച്ചു. റോഡ് ടാറിംഗ്, തോട് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കൽ തുടങ്ങിയ മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. 161കുടുംബശ്രീയൂണിറ്റുകൾ രജിസ്റ്റർചെയ്തു, 11 സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഉത്പ്പന്നങ്ങളുടെ വിപണനത്തിനായി വിപണന കേന്ദ്രങ്ങൾ തുറന്നിട്ടില്ല. 4 ധാന്യമില്ലുകൾ ഇവയിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. 28 ജെ എൽജി ഗ്രൂപ്പുകൾ പച്ചക്കറി കൃഷിയിൽ ചുവടുറപ്പിച്ചുകൊണ്ടിരിക്കുന്നുണ്ട്. വയോജനങ്ങളുടെ ക്ഷേമത്തിനായി, വയോജന കേന്ദ്രത്തിന് ഫർണ്ണിച്ചർ നൽകിയിട്ടുണ്ട്. എന്നാൽ മൃഗാശുപത്രിക്ക് വേണ്ടി സ്ഥലം സംഭാവനയായി ലഭിച്ച സ്ഥലത്ത് കെട്ടിടം നിർമ്മിച്ചു നൽകുവാൻ ഈപദ്ധതിക്കാലത്ത് കഴിഞ്ഞിട്ടില്ല. ആധുനിക അറവുശാലകൾ, പൊതുശ്മശാനം എന്നിവ നിർമ്മിച്ചിട്ടില്ല.

കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുള്ള സ്ഥലങ്ങളായ കാട്ടിൽ കുന്ന്, കൊട്ടക്കുന്ന് ഭാഗം തുടങ്ങിയ സ്ഥലങ്ങളിൽ പോലും കുടിവെള്ളപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടില്ല. ഭിന്നശേഷിയുള്ള കുട്ടികൾക്കായുള്ള ബഡ്സ് സ്കൂൾ ആരംഭിക്കാത്തതും പ്രധാന പോരായ്മയാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം :

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുന്നിരിപ്പ് | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2016-17 | ഇല്ല | 45,50,000 | വിവിധ റോഡ് പ്രവൃത്തി | 44,48,500 | 1,01,500 |
| ബ്ലോക്ക് പഞ്ചായത്ത് | | 3,97,526 | 2,59,625 | അംഗൻവാടി പാൽ സബ്സിഡി | 2,45,313 | 4,11,838 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം /ചെക്ക് നം | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ചതിന്റെ വിവരം | ബാക്കി തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | തീയതി | | | | |
| കേരളസംസ്ഥാന വിദ്യുത്ച്ചക്തി ബോർഡ് | സമ്പൂർണ്ണ വൈദ്യുതീകരണം | 22/20.2.17 | 1,97,200 | 1,97,200 | പൂർത്തീകരിച്ചു | ഇല്ല |
| | തെരുവ് വിളക്ക് ലൈൻ വലിക്കൽ | 33/27.3.17 | 6,62,630 | 6,62,630 | പൂർത്തീകരിച്ചു | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 20,000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 20,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷൻ | 20,000 |

## 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ₹ 9,463 ഈടാക്കിയിട്ടുണ്ട്. ഓഡിറ്റ് വേളയിൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിലാണ് തുക ഈടാക്കിയിട്ടുള്ളത്

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| ഇനം | തുക |
|---|---|
| തൻവർഷത്തെ വരവ് | 3,66,86,913 |
| തൻവർഷത്തെ ചെലവ് | 3,53,18,500 |

| | |
|---|---|
| വരവ് നഷ്ടം | 1,494 |
| ചെലവ് നഷ്ടം | 26,277 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,16,000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 1,494 | | ജയപ്രകാശ് പി.വി, സെക്രട്ടറി |
| 3-1 | | 26,277 | ഡോ. നിഷ ചന്ദ്രൻ, വെറ്ററിനറി സർജ്ജൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1,00,000 | ഡോ.സുജയ മോഹൻദാസ് (വെറ്ററിനറി സർജൻ) |
| 3-3 | 12,000 | ശ്രീമതി .രതി ടി (ഹെഡ്മിസ്ട്രസ്സ്) |
| 3-4 | 4,000 | ശ്രീമതി .രതി .ടി (ഹെഡ്മിസ്ട്രസ്സ്) |
| ആകെ | 1,16,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| - ഇല്ല - | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജയപ്രകാശ്. പി.വി, സെക്രട്ടറി | സെക്രട്ടറി | കൃഷ്ണ, ഇല്ലത്തുതാഴെ, പി.ഒ. തിരുവങ്ങാട് |
| ശ്രീമതി. രതി.ടി, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ ഗവ:എൽ.പി.സ്കൂൾ.പന്ന്യന്നൂർ | സുരഭി അണിയാരം (പി ഒ) |
| ഡോ.നിഷ ചന്ദ്രൻ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, ഗവ. വെറ്ററിനറി ഡിസ്പെൻസറി പന്ന്യന്നൂർ | റിഥം, ചെരിക്കൽ, തിരുവങ്ങാട് |
| ഡോ.സുജയ മോഹൻദാസ്, വെറ്ററിനറി സർജൻ | ലഭിച്ചിട്ടില്ല | |

| | | |
|---|---|---|
| ഡോ.സുധീർ.ജി, മെഡിക്കൽ ഓഫീസർ -പി എച്ച് സി | മെഡിക്കൽ ഓഫീസർ, പി എച്ച് സി- പന്ന്യന്നൂർ | പറമ്പത്ത് ഹൗസ് നാരായണ നഗർ വടകര |
| ഡോ.ഷാഹിന.എ.ആർ, മെഡിക്കൽ ഓഫീസർ (ആയ്യുർവേദ) | മെഡിക്കൽ ഓഫീസർ ഗവ ആയ്യുർവേദ ഡിസ്പെൻസറി, ചമ്പാട് | ലഭിച്ചിട്ടില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽനിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്. കെ.എൻ.ആർ /സി-3/361/2013 (1) 12-10-2015 | 1 |
| 1999-00 | എൽ.എഫ്. കെ.എൻ.ആർ /സി-3/361/2013 (2) 12-10-2015 | 5 |
| 2000-01(പദ്ധതി വിഹിതം) | എൽ.എഫ്. കെ.എൻ.ആർ /സി-3/361/2013 (3) 12-10-2015 | 3 |
| 2001-02 | എൽ.എഫ്. കെ.എൻ.ആർ /സി-3/361/2013 (4) 12-10-2015 | 1 |
| 2003-04 | എൽ.എഫ്. കെ.എൻ.ആർ /സി-3/361/2013 (5) 12-10-2015 | 3 |
| 2004-05 | എൽ.എഫ്. കെ.എൻ.ആർ /സി-3/361/2013 (6) 12-10-2015 | 8 |
| 2005-06 | എൽ.എഫ്. കെ.എൻ.ആർ /സി-3/361/2013 (7) 12-10-2015 | 2 |
| 2006-07 | എൽ.എഫ്. കെ.എൻ.ആർ /സി-3/361/2013 (8) 12-10-2015 | 14 |
| 2007-08 | എൽ.എഫ്. കെ.എൻ.ആർ /സി-3/361/2013 (9) 12-10-2015 | 3 |

| | | |
|---|---|---|
| 2008-09 | എൽ.എഫ്. കെ.എൻ.ആർ /സി-3/361/2013 (10) 12-10-2015 | 2 |
| 2009-10,2010-11 | എൽ.എഫ്. കെ.എൻ.ആർ /സി-3/361/2013 (11) 12-10-2015 | 6 |
| 2011-12<br>2012-13 | എൽ.എഫ്. കെ.എൻ.ആർ /സി-3/793/2015 തീയ്യതി10-09-2015 | 9 |
| 2013-14<br>2014-15 | എൽ.എഫ്. കെ.എൻ.ആർ /സി-3/565/2016 തീയ്യതി 30-04-2016 | 17 |
| 2015-16 | എൽ.എഫ്. കെ.എൻ.ആർ /സി-3/1992/2016 തീയ്യതി 7.12.2016 | 7 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

# <u>അനുബന്ധം -1</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം: കെ.എസ്.എ/കെ.എൻ.ആർ/സി9/1240/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-670 001.
ഫോൺ:0497 2707698.
ഇ-മെയിൽ:doknr.ksad@kerala.gov.in
തീയ്യതി: 24-08-2017.

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യപത്രിക, അതിന്റെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# AUDIT CERTIFICATE

No.KSA/KNR/C9/1240/2017.

Kerala State Audit Department
District Audit Office, Kannur-670 001
Phone: 0497 2707698
e-Mail:doknr.ksad@kerala.gov.in

Dated: 24-08-2017.

Certified that I have audited the annual Financial Statement of Panniyannur Grama Panchayat in Kannur District for the year ended on 31-03-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my Opinion, the Financial Statements of Panniyannur Grama Panchayat for the year 2016-17 except the observation in my audit report properly presents the picture of income and expenditure.

Deputy Director.
District Audit Office, Kannur.

MV